ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ.** DME/1(1) /2023-B1 **തീയതി:** 04-11-2023

## പത്രക്കുറിപ്പ്

## ബി.ഫാം പ്രവേശനം 2023-24, സ്പോട്ട് അലോട്ട്മെന്റ്

2023-24 അധ്യയന വർഷത്തെ ബി.ഫാം കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് മൂന്ന് ഘട്ട ഓൺലൈൻ അലോട്ട്മെന്റുകൾക്കും ശേഷം, തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒഴിവുള്ള **'1' (ഒന്ന്)** സീറ്റുകളിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് **2023 നവംബർ 10 വെള്ളി രാവിലെ 11-ന്** തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലും, കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒഴിവുള്ള **'3' (മൂന്ന്)** സീറ്റിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് **2023 നവംബർ 13 തിങ്കളാഴ്ച രാവിലെ 11-ന്** കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിലും, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒഴിവുള്ള **'1' (ഒന്ന്)** സീറ്റുകളിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് **2023 നവംബർ 15 ബുധനാഴ്ച രാവിലെ 11 -ന്** കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലും, കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒഴിവുള്ള **'3' (മൂന്ന്)** സീറ്റിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് **2023 നവംബർ 17 വെള്ളിയാഴ്ച രാവിലെ 11-ന്** കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലും വച്ച് നടത്തുന്നു. പ്രസ്തുത കോളേജുകളിൽ ഇനി വരുന്ന ഒഴിവുകൾ കൂടി അന്നേ ദിവസങ്ങളിൽ നടത്തുന്ന സ്പോട്ട് അലോട്ട്മെന്റ് മുഖാന്തിരം നികത്തുന്നതായിരിക്കും.

കേരള പ്രവേശനപരീക്ഷ കമ്മീഷണർ, തിരുവനന്തപുരം പ്രസിദ്ധീകരിച്ചിട്ടുള്ള ബി.ഫാം പ്രവേശനത്തിനുള്ള റാങ്ക് പട്ടികയിൽ നിന്നുമാണ് അലോട്ട്മെന്റ് നടത്തുന്നത്. യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ അസ്സൽ രേഖകൾ, അസ്സൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന വിദ്യാർത്ഥികളെ മാത്രമാണ് പ്രസ്തുത ഒഴിവിലേക്ക് പരിഗണിക്കുന്നത്.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അന്നേ ദിവസം തന്നെ ഫീസ് അടച്ച് രേഖകൾ സമർപ്പിച്ച് പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **www.dme.kerala.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

Signed by
Thomas Mathew
Date: 04-11-2023 14:52:49

THOMAS MATHEW
DIRECTOR

പകർപ്പ്: 1. ഡയറക്ടർ, ഇൻഫോർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്,

I/189591/2023

തിരുവനന്തപുരം

2. പ്രവേശനപരീക്ഷ കമ്മീഷണർ, തിരുവനന്തപുരം
3. ആകാശവാണി, തിരുവനന്തപുരം / കോഴിക്കോട്
4. ദൂരദർശൻ, തിരുവനന്തപുരം / കോഴിക്കോട്